കൊച്ചുവേളി സെക്കന്റ് കോച്ചിംഗ് ടെർമിനൽ ഫേസ് II	-	45 ലക്ഷം
നിലമ്പൂർ റോഡ് റേക്ക് അൺലോഡിംഗ്	-	80 "
എറണാകുളം പിറ്റ് ലൈൻ two stabling	-	3 കോടി

ഗുരുവായൂർ-തിരുനാവായ റെയിൽവേ ലൈൻ

63(2051) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ-തിരനാവായ റെയിൽവെ ലൈൻ പ്രവൃത്തികളുടെ നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത റെയിൽപ്പാത യഥാർത്ഥ്യമാക്കുന്നതിന് റെയിൽവെയുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഗുരുവായൂർ-തിരുനാവായ റെയിൽവേ ലൈനിന്റെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് മലപ്പുറം ജില്ലാ കളക്ടറും റെയിൽവേയുംകൂടി നിർദ്ദേശിച്ചിട്ടുള്ള കനോലി കനാലിന് സമീപത്തുകൂടി അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിന്നീട് 27-10-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽകൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്നംകുളംവഴിയുള്ള അലൈൻമെന്റിനെ സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ട് റെയിൽവേയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ അലൈൻമെന്റ് പരിഗണിച്ച് വിശദമായ സർവ്വേ നടപടികൾ നടത്തുന്നതിന് റെയിൽവേ അനുമതി നൽകിയിട്ടുണ്ട്.

ലൊക്കേഷൻ സർവ്വേ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ സർവ്വേ നടപടികൾ ആരംഭിക്കുകയുള്ളൂ.

ഗുരുവായൂർ മുതൽ കുന്നംകുളംവരെയുള്ള ഭാഗത്ത് ഭാഗിക പ്രവൃത്തികൾക്കായി 62 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് റെയിൽവേ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) 0.20 ഹെക്ടർ ഗുരുവായൂർ യാർഡിനായി ഏറ്റെടുത്ത് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഡ്ജറ്റിന് മുന്നോടിയായി റെയിൽവേയ്ക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിലൂടെയും കേരളത്തിലെ എം.പി.-മാർ മുഖേനയും ഈ റെയിൽപ്പാത നിർമ്മാണം ത്വരിതപ്പെടുത്താൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്റ്റേഷനുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം

64(2052) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ സ്റ്റേഷനുകളിലും തീവണ്ടികളിലും വിൽപ്പന നടത്തുന്ന ഭക്ഷ്യ വസ്തുക്കൾ എല്ലാംതന്നെ തീരെ നിലവാരം കുറഞ്ഞവയാണെന്നും ആയവ തയ്യാറാക്കുന്നത് വൃത്തിഹീനമായ സാഹചര്യങ്ങളിലാണെന്നുമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റേഷനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നത് റെയിൽവേയാണ്. എന്നിരുന്നാലും ഭക്ഷ്യവസ്തുക്കൾ വൃത്തിഹീനമായ സാഹചര്യങ്ങളിൽ തയ്യാറാക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് യാത്രക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ സ്റ്റേഷനുകളിലും പ്ലാറ്റ്ഫോമുകളിലും വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും വില, ഗുണനിലവാരം, അളവ് എന്നിവ തുടർച്ചയായി നിരീക്ഷിക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ട്. സ്റ്റേഷനുകളിൽ വിതരണംചെയ്യുന്ന ഭക്ഷണസാധനങ്ങളുടെ വിലയും, ചേരുവകളും അളവും, ഭക്ഷണം, കുടിവെള്ളം എന്നിവ പാക്ക്ചെയ്ത് വിതരണം ചെയ്യേണ്ടത് എങ്ങനെയെന്നും പാൻട്രികാർ ലൈസൻസി പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും, പരിശോധനകൾ എങ്ങനെ നടത്തണമെന്നും ഇക്കാര്യത്തിലുള്ള വീഴ്ചകൾ ഗുരുതരമായി കണ്ട് വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും വിശദീകരിക്കുന്ന റെയിൽവേ ബോർഡിന്റെ 21-12-2012-ലെ കമ്മേർഷ്യൽ സർക്കുലർ പ്രകാരം വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

യാത്രക്കാർക്ക് പരാതികൾ സ്റ്റേഷൻ മാനേജർ അല്ലെങ്കിൽ സ്റ്റേഷൻ മാസ്റ്റർ, പാൻട്രികാർ മാനേജർ, ഗാർഡ് എന്നിവരുടെ പക്കലുള്ള പരാതി പുസ്തകത്തിൽ നേരിട്ട് രേഖപ്പെടുത്തുകയോ പരാതി എഴുതി സീനിയർ ഡിവിഷണൽ കമ്മേർഷ്യൽ മാനേജർക്ക് നേരിട്ടോ തപാൽ മുഖേനയോ നൽകുകയോ ഇന്റർനെറ്റിൽ റെയിൽവേയുടെ പബ്ലിക്

LIBRARY ARCHIVES Kerala Legislative Assembly